## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*280** 13.03.2018 ൽ മറുപടിയ്ക്ക്

## കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീ.എം. രാജഗോപാലൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| ചോദ്യം | | മറുപടി |
|---|---|---|
| എ) സമഗ്ര കേരവികസനത്തിനായി നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;നിലവിൽ എത്ര കേരഗ്രാമങ്ങൾ ഉണ്ടെന്നും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കാമോ;<br><br>ബി) സംസ്ഥാനത്തെ തെങ്ങുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) & ബി) | നാളികേരത്തിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസന ത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, തെരഞ്ഞെടുത്ത 54 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. 2018-19 വർഷം കൂടുതൽ കേരഗ്രാമങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു കേര ഗ്രാമത്തിന് 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ എന്ന തോതിൽ 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കിവെച്ചിരിക്കുന്നത്. ശാസ്ത്രീയമായി കൃഷി ചിലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര |

വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുൽപാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കിവരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപയാണ് വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നത്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും, പ്രായാധിക്യവും, രോഗം മൂലവും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി, പുതിയവ നടുന്നതിനും, ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ നാളികേര മേഖലയുടെ സർവോന്മുഖമായ ഉന്നമനത്തിനായി 10 വർഷത്തേക്ക് ഒരു വികസന കാഴ്ചപ്പാടോടുകൂടി ''കേരള കോക്കനട്ട് മിഷൻ'' രൂപീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

സി) നാളികേരത്തിൽ നിന്നും മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിതരണം, വിപണന സാദ്ധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ കോക്കനട്ട് അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ നാളികേര ഉല്പാദക കമ്പനികൾക്ക് നീര ഉല്പാദനത്തിനായി കെട്ടിട, യന്ത്ര സാമഗ്രികൾക്ക് ചിലവായ തുകയുടെ 25% (പരമാവധി 50 ലക്ഷം) ധനസഹായം നൽകുന്ന പദ്ധതിയും കൃഷി വകുപ്പിൽ നിലവിൽ ഉണ്ട്.

കേരഫെഡ്, കേരവെളിച്ചെണ്ണയ്ക്ക് പുറമേ മൂല്യവർദ്ധന ഉൽപ്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത് ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കുകയും കേര വെളിച്ചെണ്ണയും, ഉപോല്പന്നങ്ങളും കേരള മാർക്കറ്റിലും മറ്റിതര സംസ്ഥാനങ്ങളിലും, വിദേശത്തും വിതരണം നടത്തി വരികയും ചെയ്യുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ഹണി, നീര ലഡു, വെള്ളിച്ചെണ്ണ, നീര വിനിഗർ, ചമ്മന്തിപ്പൊടി തുടങ്ങിയ ഉല്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു. കോഴിക്കോട് എലത്തൂരിലെ പ്ലാന്റിൽ പുതിയ സാങ്കേതിക വിദ്യയുപയോഗിച്ചുള്ള നീര നിർമ്മാണം ഉടനെതന്നെ ആരംഭിക്കുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയുള്ള വെളിച്ചെണ്ണ, വിറ്റാമിൻ-ഇ സമ്പുഷ്ടമായ വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കരിക്കിൻ

വെള്ളം, നിർജ്ജലീകരിച്ച തേങ്ങാപ്പൊടി, പുളിപ്പിച്ച തേങ്ങാ വെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്ന നാളികേര വിനാഗിരി, കോക്കനട്ട് ഐസ്ക്രീം, കോക്കനട്ട് ചിപ്സ്, സ്നോബോൾ ടെണ്ടർ കോക്കനട്ട്, കോക്കനട്ട് പുഡ്ഡിംഗ്, തെങ്ങിൻ ശർക്കര, ചിരട്ടക്കരി തുടങ്ങിയവ നിർമ്മിക്കുവാനുള്ള സംരംഭങ്ങളുടെ പ്രോജക്ടുകൾക്ക് CDB നേരിട്ട് ധനസഹായം നൽകുന്നുണ്ട്.

എസ് എഫ് എ സി (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം നാളികേര മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**1. <u>കേരളത്തിൽ കാർഷികോല്പന്നങ്ങളുടേയും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി</u>**

2012 മുതൽ 2017 വരെ പ്രവർത്തനം ആരംഭിച്ച സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോല്പന്നങ്ങളുടേയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപ വരെ പദ്ധതിച്ചിലവ് വരുന്ന പദ്ധതികളാണ് ഇതിൽ പരിഗണിക്കുന്നത്.

*** 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.**

**1. <u>കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി</u>**

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്.

**2. <u>കേരളത്തിലെ കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി</u>**

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ

ചെലവുവരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്.

3. **കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി**

കുടുംബശ്രീ യൂണിറ്റുകളെ അടിസ്ഥാനമാക്കി ബ്ലോക്ക്/വില്ലേജ് തലത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

4. **വൈഗ:**

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ 'വൈഗ' എന്ന പേരിൽ ദേശീയതല സംരംഭകപരിപാടി സംഘടിപ്പിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**